# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3870 — 20.07.2015-ൽ മറുപടിയ്ക്ക്

### വൈക്കം താലൂക്കിലെ ഭൂരഹിതർക്ക് ഭൂമി വിതരണം

<u>ചോദ്യം</u>

ശ്രീ.കെ.അജിത്

<u>മറുപടി</u>

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | വൈക്കം താലൂക്കിലെ ഏതൊക്കെ വില്ലേജുകളിൽപ്പെട്ട ഏതൊക്കെ ഭൂമിയാണ് (സ്ഥലനാമം ഉൾപ്പെടെ) ഭൂരഹിതർക്ക് വിതരണം നടത്തിയിട്ടുള്ളതെന്നും ഓരോ ഭൂമിയിലും എത്ര ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്നും ഇവരുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ; | വൈക്കം താലൂക്കിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഭൂമി വിതരണം നടത്തിയിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു:- (പട്ടിക താഴെ) |
| (ബി) | വിതരണം ചെയ്യപ്പെട്ട ഭൂമി ഏതു വകുപ്പിന്റെ കൈവശമുണ്ടായിരുന്നതാണ് എന്നറിയിക്കുമോ; | പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ റവന്യൂ ഭൂമിയാണ് വിതരണം ചെയ്തിട്ടുള്ളത്. |
| (സി) | ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി ഇനിയും ഭൂമി കണ്ടെത്തുകയോ തിരഞ്ഞെടുക്കുകയോ ചെയ്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയെന്നും ഇതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വിതരണത്തിനായി മുളക്കുളം വില്ലേജിലെ 433/13 ൽപ്പെട്ട 19.42 ആർ റവന്യൂ ഭൂമിയും, വടയാർ വില്ലേജിലെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 5 ഏക്കർ ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 5 ഏക്കർ ഭൂമി റവന്യൂ ഭൂമിയാക്കി കൈമാറ്റം ചെയ്തു കിട്ടുന്നതിനും പ്രസ്തുത പദ്ധതിക്കായി വിനിയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

(എ) മറുപടിയിലെ പട്ടിക:

| വില്ലേജ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| മുട്ടുചിറ | 43 |
| കടുത്തുരുത്തി | 22 |
| വെള്ളൂർ | 18 |
| കുലശേഖരം | 4 |
| ചെമ്പ് | 20 |
| ആകെ | 107 |

| | | |
|---|---|---|
| (ഡി) | ഭൂരഹിതർക്ക് ഭൂമി നൽകുമ്പോൾ അവർ താമസിച്ചുകൊണ്ടിരുന്നതിന് സമീപത്തുതന്നെ ഭൂമി നൽകാൻ നിർദേശം നല്കുമോ? | ഗുണഭോക്താക്കൾക്ക് പരമാവധി സ്വന്തം വില്ലേജിൽതന്നെയുള്ള ഭൂമി നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. സ്വന്തം വില്ലേജിൽ ആവശ്യത്തിന് ഭൂമി ലഭിയ്ക്കാതിരിക്കുകയും സമീപ വില്ലേജുകളിൽ ഭൂമി ഉണ്ടായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമാണ് ഇതര വില്ലേജുകളിൽ ഭൂമി അനുവദിക്കുന്നതാണ്. ഭൂമി വിതരണം CDIT തയ്യാറാക്കിയ സോഫ്റ്റ്‌വെയർ മുഖാന്തിരമാണ് നടത്തി വരുന്നത്. |

C.L.V.[illegible]

**സെക്ഷൻ ഓഫീസർ**